"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 2025-2026 അധ്യയന വർഷത്തിലെ തസ്തിക നിർണ്ണയം - തുടർ നിർദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(കൈ) നം.81/2026/GEDN തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. 18.04.2022 തീയതിയിലെ സ.ഉ (പി) നം. 5/2022/പൊ.വി.വ സർക്കാർ ഉത്തരവ്.
2. 24.05.2025 തീയതിയിലെ സ.ഉ (കൈ) നം. 92/2025/പൊ.വി.വ സർക്കാർ ഉത്തരവ്.
3. 3. 18.08.2025 തീയതിയിലെ സ.ഉ (കൈ) നം. 141/2025/പൊ.വി.വ സർക്കാർ ഉത്തരവ്.
4. സ.ഉ.(കൈ) നം.18/2026/GEDN തീയതി,തിരുവനന്തപുരം, 04-02-2026.

**ഉത്തരവ്**

2025-26 അധ്യയന വർഷത്തിൽ യു.ഐ.ഡി.ക്ക് അപേക്ഷിച്ചിട്ടും ചില സാങ്കേതിക തടസ്സങ്ങളാൽ യു.ഐ.ഡി. ലഭിക്കുന്നതിന് പൊതുവായ കാലതാമസം നേരിട്ടിട്ടുള്ള സാഹചര്യം കണക്കിലെടുത്ത്, സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2025-26 അധ്യയന വർഷത്തിലെ ആറാം പ്രവൃത്തി ദിനത്തിൽ റോളിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ആ ദിവസം വരെ യു.ഐ.ഡി.യ്ക്ക് അപേക്ഷിച്ചിട്ട് ലഭിക്കാതിരിക്കുകയും ഇ.ഐ.ഡി. (Enrollment Identification Number) നമ്പർ മാത്രം ലഭ്യമായിട്ടുള്ളതും, 14.07.2025 തീയതിവരെ യു.ഐ.ഡി. ലഭിക്കുകയും ചെയ്ത കുട്ടികൾ ഉണ്ടെങ്കിൽ അവരുടെ എണ്ണം കൂടി 2025-2026 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിൽ ഉൾപ്പെടുത്തി, KER Chapter XXIII ചട്ടം 12-ലെ വ്യവസ്ഥകൾക്ക് ഇളവ് നൽകി, തസ്തിക പുനർനിർണയം നടത്തുന്നതിന് വിദ്യാഭ്യാസ ഓഫീസർമാർക്ക് പരാമർശം (4) പ്രകാരം അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. എന്നാൽ യു.ഐ.ഡി. ലഭ്യമാക്കുന്നതിന് സാങ്കേതിക കാരണങ്ങളാൽ കാലതാമസം നേരിട്ടതിനാൽ യഥാസമയത്ത് യു.ഐ.ഡി. സമന്വയയിൽ അപ് ലോഡ് ചെയ്യാൻ കഴിയാത്തതിനാൽ കുട്ടികളെ തസ്തിക നിർണയത്തിന് പരിഗണിക്കാത്തത് കാരണം ധാരാളം

അധ്യാപകർ സർവീസിൽ നിന്ന് പുറത്താകുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

3. സർക്കാർ ഈ സാഹചര്യം വിശദമായി പരിശോധിച്ചു. യു.ഐ.ഡി. യഥാസമയം ലഭ്യമാക്കുന്നതിന് സാങ്കേതിക കാരണങ്ങളാൽ കാലതാമസം നേരിട്ട സാഹചര്യം കണക്കിലെടുത്ത്, സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2025-26 അധ്യയന വർഷത്തിലെ ആറാം പ്രവൃത്തി ദിനത്തിൽ റോളിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ആ ദിവസം വരെ യു.ഐ.ഡി.യ്ക്ക് അപേക്ഷിച്ചിട്ട് ലഭിക്കാതിരിക്കുകയും ഇ.ഐ.ഡി. (Enrollment Identification Number) നമ്പർ മാത്രം ലഭിക്കുകയും ചെയ്ത വിദ്യാർത്ഥികൾക്ക് യു.ഐ.ഡി. ലഭ്യമാക്കുന്നതിന് അനുവദിച്ച സമയപരിധി 14.07.2025 നിന്നും 20.08.2025 വരെ ദീർഘിപ്പിച്ചു നൽകിയും, മേൽ സമയപരിധിയ്ക്കുള്ളിൽ യു.ഐ.ഡി. വാലിഡേറ്റ് ചെയ്ത കുട്ടികളുടെ എണ്ണം കൂടി 2025-2026 അധ്യയന വർഷത്തെ തസ്തികനിർണയത്തിൽ ഉൾപ്പെടുത്തി, KER Chapter XXIII ചട്ടം 12-ലെ വ്യവസ്ഥകൾക്ക് ഇളവ് നൽകി, തസ്തിക പുനർനിർണയം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. മേൽ നിർദ്ദേശം അടിയന്തരമായി നടപ്പാക്കുന്നതിനുള്ള സത്വര നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് എന്നിവർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന).
ഡയറക്ടർ, വിവര-പൊതുജനസമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Harikumar

സെക്ഷൻ ഓഫീസർ